നമ്പർ: 17476/എഫ്2/2008/വനം

വനംവന്യജീവി (എഫ്) വകുപ്പ്
തിരുവനന്തപുരം
തീയതി : 10.12.2008

## സർക്കുലർ

വിഷയം : ആനകളെ ഉത്സവാഘോഷങ്ങൾക്കും പൊതുപരിപാടികൾക്കും ഉപയോഗിക്കുന്നത് സംബന്ധിച്ച്

സൂചന : 1. 26.02.2003-ലെ ജി.ഒ (പി) നമ്പർ 12/2003/വനം നമ്പർ വിജ്ഞാപനം
2. 01.03.2008-ലെ 19689/എഫ്2/2007/വനം നമ്പർ സർക്കുലർ

ഇൻഷ്വറൻസ് പരിരക്ഷയുള്ളതും, മൈക്രോചിപ്പ് ഘടിപ്പിച്ചതും, കേരളത്തിൽ രജിസ്റ്റർ ചെയ്തതുമായ ആനകളെ മാത്രമേ ഉത്സവാഘോഷങ്ങൾക്കും പൊതുപരിപാടികൾക്കും ഉപയോഗിക്കാവൂ എന്ന് 14.05.2008-ൽ വനം ദേവസ്വം മന്ത്രിമാരുടെ സംയുക്തയോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനം പ്രസ്തുത യോഗത്തിൽ പങ്കെടുത്ത ആൾ കേരള ആനത്തൊഴിലാളി യൂണിയൻ, കേരള എലിഫന്റ് ഓണേഴ്സ് ഫെഡറേഷൻ, കേരള എലിഫന്റ് ഓണേഴ്സ് അസോസിയേഷൻ, എലിഫന്റ് വെൽഫെയർ അസോസിയേഷൻ, ആനത്തൊഴിലാളി യൂണിയൻ എന്നിവയിലെ പ്രതിനിധികൾ അംഗീകരിച്ചതുമാണ്. എന്നാൽ ഈ തീരുമാനം പൂർണ്ണമായും നടപ്പാക്കുന്നതിൽ പല കേന്ദ്രങ്ങളും വീഴ്ച വരുത്തുന്നതായി കാണുന്നു. അതിനാൽ 14.05.2008-ലെ യോഗതീരുമാനത്തിന്റെ വെളിച്ചത്തിൽ ഇൻഷുറൻസ് സുരക്ഷയുള്ളതും, മൈക്രോചിപ്പ് ഘടിപ്പിച്ചവയും, കേരളത്തിൽ രജിസ്റ്റർ ചെയ്തതുമായ ആനകളെ മാത്രമേ ഉത്സവാഘോഷങ്ങൾക്കും പൊതുപാരിപാടികൾക്കും, ടൂറിസം, തടിപിടിത്തം മുതലായ മറ്റു ജോലികൾക്കും ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതും ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു.

(ഒപ്പ്)
പി.കെ. മൊഹന്തി,
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം), തിരുവനന്തപുരം
എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
റവന്യൂ വകുപ്പ്
ബഹുമാനപ്പെട്ട വനം-ഭവന നിർമ്മാണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം,
(ഒപ്പ്)
സെക്ഷൻ ഓഫീസർ